നിർമ്മിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്തശേഷമാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. ഇതുവഴി പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും, റോഡിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കൂടുതൽ റോഡുകൾ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും ഓരോ ജില്ലയിലും 5 കി.മി. റോഡുകളെങ്കിലും പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിൽ സിവിൽ സ്റ്റേഷൻ - IMG-നിലംപതിഞ്ഞി റോഡ്, തിരുവനന്തപുരം നഗരത്തിലെ എസ്.എസ്. കോവിൽ റോഡ്, വയനാട് ജില്ലയിലെ കൈതയ്ക്കൽ റോഡ്, കാസർഗോഡ് ജില്ലയിലെ ബന്തടുക്ക-വീട്ടിയാടി-ചാമുണ്ഡിക്കുന്ന്-ബളാംതോട് റോഡ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്ത് കഴിഞ്ഞു.

ഗ്രാമീണറോഡുകളിലും ഗതാഗതം കുറഞ്ഞ റോഡുകളിലും നാഷണൽ റൂറൽ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്ലാസ്റ്റിക്ക് പാഴ്വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനും/ പുനരുദ്ധരിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 20-7-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 61/2013/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ചേർത്ത് നഗരപരിധിയുടെ 50 കി. മി. ചുറ്റളവിനകത്തുള്ള റോഡുകളുടെ ടാറിംഗിനുപയോഗിക്കുന്നത് സംബന്ധിച്ച് 9-11-2015 തീയതിയിലെ RW/NH-33044/24/2015-S&R(R) നമ്പരിലുള്ള പരിപത്ര പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂട്ടുവാളുക്കൽ കടവ് പാലം

185(2826) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുവാളുക്കൽ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൂട്ടുവാളുക്കൽ കടവ് പാലം നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly